<u>ഭരണഭാഷ- മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം
ജഗതി, തിരുവനന്തപുരം
**Email Id:**
**dirdhse.dge@kerala.gov.in**
ഫോൺ നമ്പർ : **0471 2580759**

നം: **HSE/5592/2025-Ad B2** തീയതി : **14-07-2025**

## <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം – ജീവനക്കാര്യം- എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർ സെക്കൻഡറി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ തസ്തികമാറ്റ നിയമനം – അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നതും , സൈക്കോളജി വിഷയത്തിലെ ഒഴിവ് പ്രസിദ്ധീകരിക്കുന്നതും – സംബന്ധിച്ച്.

സൂചന : **01/07/2025** തീയതിയിലെ ഇതേ നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വിഭാഗത്തിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപക തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിനായി എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കൻഡറി വിഭാഗം), ലാബ് അസിസ്റ്റന്റ് (ഹയർസെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ടി. തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷ സമർപ്പിക്കേണ്ട **അവസാന തീയതി 19/07/2025 വൈകുന്നേരം 5 pm** വരെ ദീർഘിപ്പിക്കുന്നു.

*കൂടാതെ സൂചന സർക്കുലറിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സൈക്കോളജി വിഷയത്തിലെ ഒഴിവു വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സൈക്കോളജി വിഷയത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കൻഡറി വിഭാഗം), ലാബ് അസിസ്റ്റന്റ് (ഹയർസെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനായി 1 ഒഴിവ് നിലവിൽ ഉണ്ട്. മേൽ വിഭാഗത്തിൽപ്പെട്ട യോഗ്യരായവർക്ക് ടി ഒഴിവിലേയ്ക്ക് 19/07/2025 വൈകുന്നേരം 5 p m വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.*

ഒന്നിൽകൂടുതൽ വിഷയങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന അധ്യാപകർ **Add more** എന്ന ഓപ്ഷൻ നൽകി വിഷയം തെരഞ്ഞെടുക്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ഓരോ വിഷയത്തിനും പ്രത്യേകം അപേക്ഷകൾ സർട്ടിഫിക്കറ്റ് വെരിഫേക്കഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിലെ പരാതികൾ **transferadb2@gmail.com** എന്ന മെയിൽ ഐഡിയിലേക്ക് അയക്കാവുന്നതാണ്.

Signed by
Santhosh Kumar. r
Date: 14-07-2025 19:04:00

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**